**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2838.

27.01.2014-ലെ മറുപടിയ്ക്ക്

**കാരാപ്പുഴ വിനോദസഞ്ചാര പദ്ധതി.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കാരാപ്പുഴ വിനോദസഞ്ചാര പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) കാരാപ്പുഴ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി 2 കോടിയോളം രൂപ ചെലവഴിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. ഇതിൽ ടൂറിസ്റ്റ് അറൈവൽ കം ഫെസിലിറ്റേഷൻ സെന്റർ, ഓപ്പൺ എയർ തീയറ്റർ & വീഡിയോ പ്രസന്റേഷൻ, സോവിനിയിർ & സ്പൈസ് സ്റ്റാൾ, വാക്ക് വേ & പാർക്കിംഗ് ഏരിയാ, ലാന്റ് സ്കേപ്പിംഗ്, കാരാപ്പുഴ ബാംബു പ്ലാന്റ്, റോസ് ഗാർഡൻ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ, നടപ്പു സാമ്പത്തിക വർഷത്തെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) ടൂറിസ്റ്റ് അറൈവൽ കം ഫെസിലിറ്റേഷൻ സെന്റർ, ഓപ്പൺ എയർ തീയറ്റർ & വീഡിയോ പ്രസന്റേഷൻ, സോവിനിയർ & സ്പൈസ് സ്റ്റാൾ, വാക്ക് വേ & പാർക്കിംഗ് ഏരിയാ, ലാന്റ് സ്കേപ്പിംഗ് കാരാപ്പുഴ ബാംബു പ്ലാന്റ്, റോസ് ഗാർഡൻ, ഇലക്ട്രിഫിക്കേഷൻ ആന്റ് ഏരിയാ ലൈറ്റിംഗ് തുടങ്ങിയവയാണ് കാരാപ്പുഴയിൽ നടത്തിവരുന്ന വികസന പദ്ധതിയുടെ ഭൗതിക ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനായെന്ന് വ്യക്തമാക്കുമോ; | (സി) | ടൂറിസ്റ്റ് അറൈവൽ കംഫെസിലിറ്റേഷൻ സെന്റർ, ഓപ്പൺ എയർ തീയറ്റർ & വീഡിയോ പ്രസന്റേഷൻ, സോവിനിയർ & സ്പൈസ് സ്റ്റാൾ, ലാന്റ് സ്കേപ്പിംഗ്, കാരാപ്പുഴ ബാംബൂ പ്ലാന്റ്, റോസ് ഗാർഡൻ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വാക്ക് വേ & പാർക്കിംഗ് ഏരിയാ, ഇലക്ട്രിഫിക്കേഷൻ ആന്റ് ഏരിയാ ലൈറ്റിംഗ് എന്നിവയും പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ഡി) | അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും ബഡ്ജറ്റ് വിഹിതം എത്രയെന്നും വ്യക്തമാക്കുമോ? | (ഡി) | അടുത്ത സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടു കൂടി കേരളത്തിൽ നടപ്പിലാക്കേണ്ട 11 പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. പദ്ധതികൾ അനുവദിക്കപ്പെട്ടതിനുശേഷം മാത്രമേ പദ്ധതി വിഹിതത്തിന്റെ കണക്ക് വ്യക്തമാക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ